# പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 292 — 08.06.2015 ന് മറുപടിയ്ക്ക്

## പുനലൂർ നിയോജകമണ്ഡലത്തിൽ വനം വകുപ്പ് മുഖേന നടപ്പിലാക്കേണ്ട പ്രവൃത്തികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. രാജു** | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** |
| (എ) പുനലൂർ നിയോജകമണ്ഡലത്തിൽ, എം.എൽ.എ നിയോജക മണ്ഡല ആസ്തി വികസനഫണ്ട് 2014-15 വർഷത്തിൽ ഉൾപ്പെടുത്തി വനം വകുപ്പ് മുഖേന നടപ്പിലാക്കേണ്ട ചുവടെ ചേർക്കുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; 1. തൊടിയിൽകണ്ടം - ഓലപ്പാറ വലിയ തോടിന് കുറുകെ ചപ്പാത്ത് നിർമ്മാണം 2. അച്ചൻകോവിൽ - കഴുതുരുട്ടി - പ്രിയാ എസ്റ്റേറ്റ് റോഡ് കോൺക്രീറ്റ് | (എ) 1. 04.06.2015 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നം.240/2015/വനം പ്രകാരം തൊടിയിൽകണ്ടം - ഓലപ്പാറ വലിയ തോടിന് കുറുകെ ചപ്പാത്ത് നിർമ്മാണ പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്<br><br>2. അച്ചൻകോവിൽ - കഴുതുരുട്ടി - പ്രിയാ എസ്റ്റേറ്റ് റോഡ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തിയ്ക്കുള്ള ധനാനുമതിയ്ക്കായി 16332/സി3/2014/വനം നമ്പർ പ്രകാരം ഫയൽ ധനകാര്യ [നോഡൽ സെന്റർ (ബി) ] വകുപ്പിന് 25.05.2015 ൽ നൽകിയിട്ടുണ്ട്. ആയത് ധനകാര്യ വകുപ്പ് പരിശോധിച്ച് വരുന്നു. |
| (ബി) പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നതുമായി ബന്ധപ്പെട്ട് എം.എൽ.എ സമർപ്പിച്ചിട്ടുള്ള കത്തുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട് |
| (സി) ആയതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ സദയം വ്യക്തമാക്കുമോ? | (സി) തൊടിയിൽകണ്ടം - ഓലപ്പാറ വലിയ |

തോടിന് കുറുകെ ചപ്പാത്ത്
നിർമ്മാണവുമായി ബന്ധപ്പെട്ട് ബഹു.
എം.എൽ.എ 18-10-2014 ന്
ലഭ്യമാക്കിയ കത്തിലെ വിവരം 28-
10-2014 ലെ കത്ത് പ്രകാരം
(13049/സി3/2014/വനം)
അഡീഷണൽ പ്രിൻസിപ്പൽ ചീഫ്
ഫോറസ്റ്റ് കൺസർവേറ്റർ
(സ്പെഷ്യൽ അഫോറസ്റ്റേഷൻ) &
നോഡൽ ഓഫീസറെ
അറിയിക്കുകയും ഇത് സംബന്ധിച്ച്
ആവശ്യമായ നടപടി സ്വീകരിച്ച്
റിപ്പോർട്ട് സമർപ്പിക്കാൻ
ആവശ്യപ്പെട്ടുകയും ചെയ്തിരുന്നു.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ്
ഫോറസ്റ്റ് കൺസർവേറ്റർ
(സ്പെഷ്യൽ അഫോറസ്റ്റേഷൻ) &
നോഡൽ ഓഫീസറുടെ 19-03-2015
തീയതിയിലെ കത്ത് പ്രകാരം ഈ
വിഷയത്തിൽ ആവശ്യമായ
നടപടികൾ സ്വീകരിക്കേണ്ടത്
സംരക്ഷണ വിഭാഗമായതിനാൽ
സംരക്ഷണ വിഭാഗം അഡീഷണൽ
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ്
കൺസർവേറ്ററോട്
റിപ്പോർട്ട് സമർപ്പിക്കാൻ
20.03.2015 ലെ കത്ത് പ്രകാരം
ആവശ്യപ്പെട്ടിരുന്നു. സതേൺ
സർക്കിൾ, കൊല്ലം ചീഫ് ഫോറസ്റ്റ്
കൺസർവേറ്ററുടെ 04.05.2015
തീയതിയിലെ കത്ത് പ്രകാരം
റിപ്പോർട്ട് ലഭ്യമായ മുറയ്ക്ക് തന്നെ
ഫയൽ ധനാനുമതിയ്ക്കായി ധനകാര്യ
[നോഡൽ സെന്റർ (ബി) ] വകുപ്പിന്
നൽകുകയും ചെയ്തിരുന്നു. ധനകാര്യ
വകുപ്പ് ഫയൽ പരിശോധിച്ച്
ധനാനുമതിയോടുകൂടി ഫയൽ
തിരികെ നൽകിയപ്പോൾ
കാലവിളംബം കൂടാതെ തന്നെ
പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി
നൽകികൊണ്ട് ഉത്തരവ്
പുറപ്പെടുവിച്ചു.

അച്ചൻകോവിൽ - കഴുതുരുട്ടി - പ്രിയാ
എസ്റ്റേറ്റ് റോഡ് കോൺക്രീറ്റ്
ചെയ്യുന്ന പ്രവൃത്തി സംബന്ധിച്ച്
അഡീഷണൽ പ്രിൻസിപ്പൽ ചീഫ്
ഫോറസ്റ്റ് കൺസർവേറ്റർ (സ്പെഷ്യൽ
അഫോറസ്റ്റേഷൻ) & നോഡൽ
ഓഫീസറുടെ റിപ്പോർട്ട് ലഭ്യമായ
മുറയ്ക്ക് തന്നെ ഫയൽ
ധനാനുമതിയ്ക്കായി ധനകാര്യ
[നോഡൽ സെന്റർ (ബി) ] വകുപ്പിന്
നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ